"ഭരണഭാഷ മാതൃഭാഷ "

**കേരളസർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ് - ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതിയുടെ പ്രവർത്തന - ചെലവുകൾ 2070-00-119-97-05-04-NV എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്**

**ജി.ഒ(എം.എസ്)നം.22/2023/പി&എആർഡി** **തിരുവനന്തപുരം, തീയതി.26/12/2023**

പരാമർശം:-1) 26/02/1970 തീയതിയിലെ ജി.ഒ(എം.എസ്)നം.63/1970/പി&എആർഡി നമ്പർ ഉത്തരവ്.
2) 25/05/2023 ലെ ജി.ഒ(എം.എസ്) നം.18/2023/പി&എആർഡി നമ്പർ ഉത്തരവ്.

**ഉത്തരവ്**

കേരളസർക്കാരിന്റെ ഔദ്യോഗികഭാഷാനയം വിജയകരമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളഭാഷാമാറ്റപുരോഗതി അവലോകനം ചെയ്യുന്നതിന് പരാമർശം 1 പ്രകാരം ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി രൂപവൽക്കരിച്ചിരുന്നു. ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതിയെ ഒന്നാംക്ലാസ് സമിതിയായി പരിഗണിച്ചുകൊണ്ടും സമിതിയിലെ അനൗദ്യോഗികാംഗങ്ങൾക്ക് ഒന്നാം ഗ്രേഡ് ഉദ്യോഗസ്ഥർക്ക് ആനുപാതികമായ നിരക്കിൽ ദിനബത്തയും യാത്രബത്തയും അനുവദിച്ചുകൊണ്ടും പരാമർശം 2 പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവുകളിൽ സമിതിയുടെ ചെലവുകൾ സംബന്ധിച്ച വിവരം പരാമർശിച്ചിരുന്നില്ല. ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതിയുടെ പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവവുമായി നിർവഹിക്കേണ്ടതിലേക്കായി സമിതിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവുകൾ വഹിക്കേണ്ട ശീർഷകം സംബന്ധിച്ച് വിവരം സ്പഷ്ടമാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗികഭാഷസംബന്ധിച്ച ഉന്നതതലസമിതിയുടെ പ്രവർത്തനച്ചെലവുകൾ ഔദ്യോഗികഭാഷാവകുപ്പിന്റെ പ്രവർത്തനചെലവുകൾ കൈകാര്യം ചെയ്യുന്നതിന് ബജറ്റിൽനിന്ന് വിഹിതം അനുവദിച്ചിരിക്കുന്ന 2070-00-119-97-05-04-NV എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ഉദയകുമാർ എസ്.ആർ
ജോയിന്റ് സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
ചീഫ്സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ്സെക്രട്ടറിയുടെ (ഔദ്യോഗികഭാഷ വകുപ്പ്) പി.എ.ക്ക്
ഉന്നതതലസമിതിയിലെ അംഗങ്ങൾക്ക്
ജോയിന്റ്സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്
ധനകാര്യവകുപ്പ്
വിവര-പൊതുജനസമ്പർക്ക (വെബ് & മീഡിയ വിഭാഗം) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ